പഠനം

# ഖുർആൻ ലിപിയുടെ ചരിത്രവും മഹത്വവും

ഡോ. മുഹമ്മദ് പാണ്ടിക്കാട്

വിശുദ്ധ ഖുർആന്റെ ഉസ്മാനിയാ ലിപിയുടെ തുടക്കം എന്നായിരുന്നു എന്നതിൽ അഭിപ്രായാന്തരമുണ്ട്. നബി(സ)യുടെ കാലത്തു തന്നെ നിലവിലുണ്ടായിരുന്നെന്നും അത് തൗഖീഫി, അഥവാ അല്ലാഹുവിൽ നിന്ന് തന്നെ ലഭിച്ചതാണെന്നും അതിലൊരു മാറ്റവും അനുവദനീയമല്ലെന്നുമാണ് ഒരു വീക്ഷണം. താഴെ പറയുന്നവയാണ് ഇതിന് ഉപോൽബലകമായി ഉദ്ധരിക്കപ്പെടുന്നത്:

ഒന്ന്: രണ്ട് വഴികളിലൂടെ നബി (സ) ഖുർആൻ വചനങ്ങളെ സംരക്ഷിക്കാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അതിലൊന്ന് വഹ്‌യിലൂടെ ഇറങ്ങുന്നതെല്ലാം റസൂൽ സ്വയം മനഃപാഠമാക്കുകയും പിന്നീടവ തന്റെ അനുയായികൾക്ക് ഓതിക്കൊടുക്കുകയും, മനഃപാഠമാക്കാൻ അനുശാസിക്കുകയും ചെയ്യുക എന്നതായിരുന്നു. രണ്ടാമത്തെ വഴി എഴുത്തായിരുന്നു. വഹ്‌യ് എഴുതാൻ മാത്രമായി പ്രവാചകന് എഴുത്തുകാരുണ്ടായിരുന്നു. അവരെഴുതിയതിനെക്കുറിച്ച് പിന്നീട് ചർച്ച നടത്തി തെറ്റുണ്ടെങ്കിൽ അത് തിരുത്താനും തിരുമേനി ആവശ്യപ്പെടാറുണ്ടായിരുന്നു.

സൈദുബ്നു സാബിത് (റ) പറയുന്നു: ''ഞാൻ അല്ലാഹുവിന്റെ റസൂലിന്റെ (സ) അടുക്കൽ വഹ്‌യ് എഴുതാറുണ്ടായിരുന്നു. തിരുമേനി പറയും, ഞാനെഴുതും. എഴുതിക്കഴിഞ്ഞാൽ റസൂൽ (സ) ആവശ്യപ്പെടും: 'എഴുതിയത് വായിക്കുക.' ഞാനത് വായിച്ചു കേൾപ്പിക്കും. എന്തെങ്കിലും തെറ്റുണ്ടെങ്കിൽ ശരിയാക്കും. പിന്നെ അതുമായി ഞാൻ ജനങ്ങളുടെ അടുത്തേക്ക് പുറപ്പെടും'' (അത്ത്വബറാനി).

ഇബ്നു അബ്ബാസ് (റ) പറയുന്നു: അല്ലാഹുവിന്റെ ദൂതന് ഓരോ കാലത്തും വിവിധ അധ്യായങ്ങളിലെ വ്യത്യസ്ത വാക്യങ്ങളാണ് അവതരിപ്പിക്കപ്പെട്ടുകൊണ്ടിരുന്നത്. ഏതെങ്കിലും വാക്യങ്ങൾ ഇറക്കപ്പെട്ടാൽ എഴുത്തുകാരെ വിളിച്ച് ഇപ്രകാരം പറയും: 'ഈ വാക്യങ്ങൾ ഇന്നാലിന്ന അധ്യായത്തിന്റെ ഇന്നാലിന്ന വാക്യങ്ങൾ

ക്കിടയിൽ വെക്കുക.' ഏതെങ്കിലും ഒരു ആയത്ത് മാത്രമാണ് ഇറക്കപ്പെട്ടതെങ്കിലും എഴുത്തുകാരെ വിളിച്ച് ഇപ്രകാരം പറയും: 'ഈ വാക്യങ്ങൾ ഇന്നാലിന്ന അധ്യായത്തിലെ ഇന്നാലിന്ന വാക്യങ്ങൾക്കിടയിൽ വെക്കുക' (തിർമിദി).

**എഴുതേണ്ട രീതി പ്രവാചകൻ പഠിപ്പിക്കുന്നു**

നബി (സ) മരണപ്പെടുമ്പോൾ വിശുദ്ധ ഖുർആൻ മുഴുവനും ഇപ്രകാരം എഴുതപ്പെട്ടിട്ടുണ്ടായിരുന്നു. അവ മുഴുവനും ഒരിടത്ത് ശേഖരിച്ചിട്ടുണ്ടായിരുന്നില്ലെന്ന് മാത്രം. ജിബ്രീലി(അ)ൽനിന്നുള്ള ഉപദേശങ്ങൾ സ്വീകരിച്ച് എഴുത്തിനുള്ള നിർദേശങ്ങൾ തിരുമേനി (സ) നൽകാറുണ്ടായിരുന്നു. ഒരു നിവേദനത്തിൽ മുആവിയ(റ)യോട് നബി (സ) പറഞ്ഞു: 'പേന കൂർപ്പിച്ച് മഷിയിൽ മുക്കുക. ബാഇനെ നേരെയാക്കുക, സീനിനെ വിടർത്തി എഴുതുക, മീമിനെ വട്ടത്തിലെഴുതരുത്. അല്ലാഹു എന്നതിനെ ഭംഗിയായി എഴുതണം, അർറഹ്മാനിനെ നീട്ടി എഴുതണം. അർറഹീമിനെ നന്നാക്കി എഴുതണം.'[1]

**നബി (സ) നിരക്ഷരനായിരുന്നോ?**

'ഇതിനുമുമ്പ് നീ ഒരൊറ്റ പുസ്തകവും പാരായണം ചെയ്തിട്ടില്ല. നിന്റെ വലതുകൈകൊണ്ട് നീ അതെഴുതിയിട്ടുമില്ല. അങ്ങനെ ചെയ്തിരുന്നെങ്കിൽ ഈ സത്യനിഷേധികൾക്ക് സംശയിക്കാമായിരുന്നു' (*അൽഅൻകബൂത്ത്*: 48).

ഈ വാക്യത്തിന്റെ വിശദീകരണത്തിൽ ഇമാം ആലൂസി എഴുതി: നുബുവ്വത്തിനു ശേഷം തിരുമേനി (സ) എഴുതാനും വായിക്കാനും പഠിച്ചോ എന്നതിൽ ഭിന്ന വീക്ഷണങ്ങളുണ്ട്. റസൂലിന് എഴുത്തറിഞ്ഞിരുന്നില്ല എന്നതിനാണ് ഇമാം ബഗവി മുൻതൂക്കം നൽകുന്നത്. അദ്ദേഹം പറഞ്ഞു: 'അതാണ് ഏറ്റവും ശരി.' എന്നാൽ, ജനങ്ങൾക്ക് ഖുർആന്റെ അമാനുഷികത ബോധ്യപ്പെട്ട ശേഷം നബി (സ) എഴുതാനും വായിക്കാനും പിന്നീട് പഠിച്ചു എന്ന് പറയുന്നവരുണ്ട്. ഖുർആൻ ഇറങ്ങിത്തുടങ്ങി സംശയത്തിന്റെ കാരണങ്ങൾ നീങ്ങിയപ്പോൾ നബി(സ) എഴുത്ത് പഠിച്ചു. ഇബ്നു അബീശൈബയും മറ്റുള്ളവരും പറഞ്ഞു: 'എഴുതുകയും

**ഉസ്മാനി മുസ്വ്ഹഫിലെ എഴുത്തിന്റെ വിവിധ രൂപങ്ങളെക്കുറിച്ച് പഠനം നടത്തിയവർ അതിലെ യുക്തിയും ഭംഗിയും വിശദീകരിക്കുന്നുണ്ട്. നബി(സ)ക്ക് അല്ലാഹു അവതരിപ്പിച്ച അതേ ലിപിയാണ് ഉസ്മാനിയ ലിപിയെന്ന് ഇവർ അഭിപ്രായപ്പെടുന്നു. ആശയാർഥങ്ങളെ അക്ഷരങ്ങളുടെ എഴുത്തിൽ തന്നെ ചേർത്തുവെക്കാൻ ഉസ്മാനിയ ലിപിക്ക് കഴിഞ്ഞിട്ടുണ്ടെന്ന് അവർ ഉദാഹരണസഹിതം സമർഥിക്കുന്നു.**

വായിക്കുകയും ചെയ്യാതെ നബി (സ) മരണപ്പെട്ടിട്ടില്ല.' ഇമാം ശഅബിയും ഇക്കാര്യം ഉദ്ധരിച്ച് സത്യപ്പെടുത്തിയിട്ടുണ്ട്.

**നബി(സ)ക്ക് അക്ഷരങ്ങൾ അറിയാമായിരുന്നു**

മുഹമ്മദ് നബി (സ) നിരക്ഷരനായിരുന്നെങ്കിലും അക്ഷരങ്ങളുടെ രൂപവും ഘടനയും അറിയാമായിരുന്നു എന്ന് അഭിപ്രായപ്പെടുന്നവരുണ്ട്.

ശൈഖ് മുഹമ്മദ് ഹസ്നൈൻ മഖ്ലൂഫ് പറയുന്നു: നബി (സ) നിരക്ഷരനായിരുന്നു, എഴുത്തറിയാത്തവനായിരുന്നു എന്നതൊന്നും എഴുത്തിന്റെ രൂപം നിർദേശിക്കാറുണ്ടായിരുന്നു എന്നതിനെ തള്ളിക്കളയുന്നില്ല. സ്വയം എഴുത്തറിയാത്തവനും എഴുത്തിന്റെ നിയമങ്ങൾ അറിയും. പഠിക്കുകയും പരിശീലിക്കുകയും ചെയ്യാതെ ലഭിക്കുന്ന ഉൾബോധമാണിത്. എഴുതാനും വായിക്കാനും നമ്മെപ്പോലെ പ്രവാചകൻ പഠിക്കാതിരുന്നത് വിശുദ്ധ ഖുർആൻ തിരുമേനി സ്വയം രചിച്ചതാണെന്ന് തെറ്റിദ്ധരിക്കാതിരിക്കാനാണ്. അല്ലാഹു പറഞ്ഞു:

'ഇതിനുമുമ്പ് നീ ഒരൊറ്റ പുസ്തകവും പാരായണം ചെയ്തിട്ടില്ല. നിന്റെ വലതുകൈ കൊണ്ട് നീ അതെഴുതിയിട്ടുമില്ല. അങ്ങനെ ചെയ്തിരുന്നെങ്കിൽ ഈ സത്യനിഷേധികൾക്ക് സംശയിക്കാമായിരുന്നു' (*അൽഅൻകബൂത്ത്*: 48).

ഒരു കാര്യത്തിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായാന്തരമില്ല; വിശുദ്ധ ഖുർ

ആൻ നബി(സ)യുടെ മുന്നിൽ വെച്ചാണ് എഴുതപ്പെട്ടത്. ഈ എഴുത്തിനെ തിരുമേനി കാണുകയും അംഗീകാരം നൽകുകയും ചെയ്തു. അംഗീകാരം സുന്നത്തിന്റെ ഒരിനം തന്നെയാണ്. എഴുത്തിൽ എന്തെങ്കിലും പിശകുണ്ടായിരുന്നുവെങ്കിൽ രൊളും അതംഗീകരിക്കുമായിരുന്നില്ല. കാരണമത് അല്ലാഹുവിന്റെ ഈ വാക്യത്തിന് വിരുദ്ധമാണ്: 'തീർച്ചയായും നാമാണ് ഈ ഖുർആൻ ഇറക്കിയത്. നാം തന്നെ അതിനെ കാത്തുരക്ഷിക്കുകയും ചെയ്യും' (*അൽഹിജ്ർ*: 9).

**ഖുർആന്റെ ലിപിയും അമാനുഷികമാണ്**

'അൽ ഇബ്രീസ്' ഗ്രന്ഥത്തിന്റെ കർത്താവ് തന്റെ ശൈഖ്, അബ്ദുൽ അസീസ് അദ്ദബ്ബാഗിൽ നിന്നും ഉദ്ധരിക്കുന്നു: 'മുസ്ഹഫ് ധാരാളം പൊരുളുകളും രഹസ്യങ്ങളും അടങ്ങിയതാണ്. അതിന്റെ രൂപകൽപന നബി (സ) തന്നെ നിർവഹിച്ചതാണ്. സ്വഹാബികൾക്കോ മറ്റുള്ളവർക്കോ അതിന്റെ എഴുത്തിൽ ഒരു മുടിയിഴ പോലും പങ്കില്ല. ഇന്നത്തെ രൂപത്തിൽ അതെഴുതാൻ കൽപ്പിച്ചത് തിരുമേനിയാണ്. അലിഫിന്റെ നീളവും കുറവും പോലുള്ള സകലതും റസൂൽ (സ) തന്നെയാണ് നിർദേശിച്ചത്. അല്ലാഹു വഴി കാണിച്ചവർക്കല്ലാതെ അവയുടെ പൊരുളറിയില്ല. ഇതര വേദങ്ങൾക്ക് നൽകാത്ത ഒരു രഹസ്യമാണിത്. വിശുദ്ധ ഖുർആന്റെ രചന അമാനുഷികമാണെങ്കിൽ അതിന്റെ എഴുത്തും അമാനുഷികമാണ്.'[2]

**ഖുർആൻ പകർപ്പുകൾ<br>ഒരു മാറ്റവുമില്ലാത്തത്**

സ്വഹാബികളുടെ പ്രവർത്തങ്ങളിൽനിന്നും ഉസ്മാനിയ ലിപി നബി(സ)യിൽനിന്ന് തന്നെ ലഭ്യമായതാണെന്ന് തെളിയിക്കാനാവും. അബൂബക്ർ സ്വിദ്ദീഖ് (റ) ഖിലാഫത്തേറ്റെടുത്ത് ഖുർആൻ ക്രോഡീകരണത്തിനായി മുന്നിട്ടിറങ്ങിയപ്പോൾ, നബി(സ)യുടെ കാലത്തെ അതേ എഴുത്തിന്റെ രൂപത്തിൽ തന്നെയാണ് എഴുത്തുകാർ അദ്ദേഹത്തിന് എഴുതിക്കൊടുത്തത്. പിന്നെ ഉസ്മാന്റെ (റ) കാലത്ത് മുസ്ഹഫുകളുടെ കോപ്പിയെടുത്തതും യാതൊരു മാറ്റവും വരുത്താതെയായിരുന്നു.

ഇമാം മാലികി(റ)നോട് ഇന്ന് കാണുന്ന മുസ്ഹഫ് ആരാണെഴുതിയതെന്ന് ചോദിക്കപ്പെട്ടപ്പോൾ ആദ്യകാല വഹ് യെഴുത്തുകാർ എന്നായിരുന്നു മറുപടി.[3]

ഇമാം മാലികിന്റെ ഈ വാക്കുകളുദ്ധരിച്ച ശേഷം അദ്ദാനി(റ) പറഞ്ഞു: 'മുസ്‌ലിം സമുദായത്തിലെ പണ്ഡിതന്മാർക്കിടയിൽ ഈ വിഷയത്തിൽ ഏകാഭിപ്രായമാണുള്ളത്.'[4]

**ലിപിയിൽ മാറ്റം വരുത്തൽ നിഷിദ്ധമാണ്**

ഇമാം അഹ്മദ് (റ) പറഞ്ഞു: 'ഉസ്മാനി ലിപിയിലെ വാവ്, യാ, അലിഫ് തുടങ്ങിയവയുടെ രൂപത്തിൽ മാറ്റം വരുത്തുന്നത് ഹറാമാണ്.'[5]

ഖാദി ഇയാദ് പറയുന്നു: 'ഭൂമിയുടെ ഏതു ഭാഗത്ത് പാരായണം ചെയ്യപ്പെടുന്ന ഖുർആൻ ആയിരുന്നാലും ആദ്യാവസാനം വരെയുള്ള മുഴുവനും അല്ലാഹുവിന്റെ കലാമാണെന്നും തന്റെ പ്രവാചകൻ മുഹമ്മദി(സ)ന് അവതരിപ്പിക്കപ്പെട്ട വഹ്‌യാണെന്നും അതിലുള്ളതെല്ലാം സത്യമാണെന്നതിലും മുസ്‌ലിംകൾ ഒന്നടങ്കം യോജിച്ചിരിക്കുന്നു. ആരെങ്കിലും അതിലെ ഒരക്ഷരത്തെ കരുതിക്കൂട്ടി കുറക്കുകയോ കൂട്ടുകയോ ചെയ്താൽ അവൻ കാഫിറാണ്.'[6]

ജഅബരിയും മറ്റും ഉസ്മാനിയ മുസ്ഹഫിന്റെ ലിപിയെ അനുകരിക്കൽ നിർബന്ധമാണെന്നതിൽ നാല് ഇമാമുകളും യോജിച്ചിട്ടുണ്ടെന്ന് അഭിപ്രായപ്പെടുന്നു.[7] ത്വഹാവിയുടെ ശറഹിൽ ഇപ്രകാരം കാണാം: 'ഖുർആൻ എഴുതാൻ ഉദ്ദേശിക്കുന്നവർ വാക്കുകളെ ഉസ്മാന്റെ (റ) മുസ്ഹഫിലുള്ള അതേ പ്രകാരം എഴുതൽ നിർബന്ധമാണ്. കാരണം മുസ്‌ലിം ഉമ്മത്ത് അതിൽ യോജിച്ചിരിക്കുന്നു' (ibid: 20).

ഇമാം സമഖ്ശരി കശ്ശാഫിൽ എഴുതി:

وَقَالُوا مَالِ هَٰذَا الرَّسُولِ

എന്ന വാക്യം هذا-യെ 'ലാമി'ൽ നിന്നും വേർപ്പെടുത്തിയാണ് എഴുതിയിട്ടുള്ളത്. ഇത് സാധാരണ അറബി ഭാഷാ നിയമത്തോട് യോജിച്ചതല്ല. മുസ്ഹഫിലെ ഒരിക്കലും ലംഘിക്കാനാവാത്ത രീതിയാണത്.'

ഇമാം ബൈഹഖി 'ശുഅബുൽ ഈമാനി'ൽ നിവേദനം ചെയ്യുന്നു: 'ആരെങ്കിലും മുസ്ഹഫ് എഴുതുകയാണങ്കിൽ ഉസ്മാനി മുസ്ഹഫിലുള്ള അതേ രൂപത്തിൽ എഴു

തേണ്ടതാണ്. ഒരു മാറ്റവും വരുത്തരുത്. സ്വഹാബികൾ നല്ല അറിവുള്ളവരായിരുന്നു. മനസ്സും നാവും സത്യസന്ധമായവരായിരുന്നു. നമ്മേക്കാൾ വിശ്വസ്തരായിരുന്നു. നമുക്കാണ് അവരേക്കാൾ അറിവെന്ന് ഒരിക്കലും തെറ്റിദ്ധരിക്കരുത്.'

**ഇതര വീക്ഷണങ്ങൾ**

എന്നാൽ ഉസ്മാനിയ ലിപി തൗഖീഫിയല്ലെന്നും സ്വഹാബികളാണ് അതിന്റെ ഉപജ്ഞാതാക്കളെന്നും അഭിപ്രായപ്പെടുന്നവരുണ്ട്. അക്ഷരജ്ഞാനികളല്ലാത്ത അവർ മുസ്ഹഫ് എഴുതാനുള്ള സാധ്യത വിരളമാണ്. ഇബ്നു ഖൽദൂൻ, അൽ ബാഖില്ലാനി എന്നിവരാണ് ഈ വീക്ഷണത്തിന്റെ മുന്നിലുള്ളത്. വാചികമായ പാരായണം മാത്രമേ അന്നുണ്ടായിരുന്നുള്ളൂ എന്നാണിവർ അഭിപ്രായപ്പെടുന്നത്. മുസ്ഹഫിന്റെ ലിപി നബി(സ) നേരിട്ട് നൽകിയതാണെന്നതിന് ഒരു തെളിവുമില്ലെന്ന് ഇമാം ബാഖില്ലാനി സമർഥിക്കുന്നു. ഖുർആൻ മറ്റുള്ള ഗ്രന്ഥങ്ങൾ എഴുതുന്നത് പോലെയാണ് എഴുതേണ്ടതെന്നും സാധാരണക്കാർക്ക് ഖുർആൻ പഠിക്കാൻ അതാണ് നല്ലതെന്നുമുള്ള മൂന്നാമതൊരു വീക്ഷണവുമുണ്ട്. സാധാരണക്കാർക്ക് വാചിക ഭാഷയിലും പണ്ഡിതന്മാർക്ക് ഉസ്മാനി ലിപിയിലും വേറെ വേറെ മുസ്ഹഫുകളുണ്ടാവണമെന്നാണിവരുടെ വീക്ഷണം. ശൈഖുൽ ഇസ്‌ലാം അൽ ഇസ്സുബ്നു അബ്ദിസ്സലാം, ഇമാം അസ്സർകശി തുടങ്ങിയവരാണ് ഈ വീക്ഷണക്കാർ.

**ഉസ്മാനി ലിപിയുടെ സൗന്ദര്യം**

ഉസ്മാനി മുസ്ഹഫിലെ എഴുത്തിന്റെ വിവിധ രൂപങ്ങളെക്കുറിച്ച് പഠനം നടത്തിയവർ അതിലെ യുക്തിയും ഭംഗിയും വിശദീകരിക്കുന്നുണ്ട്. നബി(സ)ക്ക് അല്ലാഹു അവതരിപ്പിച്ച അതേ ലിപിയാണ് ഉസ്മാനിയ ലിപിയെന്ന് ഇവർ അഭിപ്രായപ്പെടുന്നു. ആശയാർഥങ്ങളെ അക്ഷരങ്ങളുടെ എഴുത്തിൽ തന്നെ ചേർത്തുവെക്കാൻ ഉസ്മാനിയ ലിപിക്ക് കഴിഞ്ഞിട്ടുണ്ടെന്ന് അവർ ഉദാഹരണസഹിതം സമർഥിക്കുന്നു. അവയിൽ ചിലതാണ് ഇവിടെ ഉദ്ധരിക്കുന്നത്.

**جنّة جنّت**

നാമങ്ങളുടെ അവസാനത്തിലെ 'ത' എന്ന അക്ഷരം ت എന്നും ة എന്നും എഴുതാറുണ്ട്. ഏകവചനമായ സ്ത്രീലിംഗ നാമങ്ങളുടെ അവസാനത്തിൽ ة എന്നാണ് എഴുതേണ്ടത്. ഇത്തരത്തിലുള്ള ഒരു നാമമാണ് 'സ്വർഗം' എന്ന അർഥമുള്ള 'ജന്നത്'. ഖുർആനിൽ جنّة എന്ന നാമം 67 തവണ ആവർത്തിച്ചിട്ടുണ്ട്. ഒരിടത്തൊഴികെ എല്ലായിടത്തും ഭാഷാ നിയമം പാലിച്ച് جنّة എന്നാണ് ഉസ്മാനി ലിപിയിലുള്ളത്. എന്നാൽ ഈ വാക്യം ശ്രദ്ധിക്കുക:

فَأَمَّا إِن كَانَ مِنَ الْمُقَرَّبِينَ ﴿٨٨﴾ فَرَوْحٌ وَرَيْحَانٌ وَجَنَّتُ نَعِيمٍ ﴿٨٩﴾



'ഇനി, ആ മരിച്ചവൻ ദൈവസാമീപ്യം സിദ്ധിച്ചവനാണെങ്കിൽ, അവന്ന് സൗഖ്യവും മെച്ചപ്പെട്ട വിഭവവും അനുഗൃഹീതമായ ആരാമവുമുണ്ട്' (*അൽ വാഖിഅ*: 88,89).

ഇവിടെ ജന്നതിന്റെ 'ത' യെ تاء مفتوحة (തുറന്ന 'ത') ആക്കാനുള്ള കാരണമായി ചൂണ്ടിക്കാണിക്കുന്നതിതാണ്: ഈ വാക്യത്തിലെ സ്വർഗം മറ്റു സ്വർഗങ്ങളിൽനിന്ന് വ്യത്യസ്തമായതാണ്.

ദൈവസാമീപ്യം സിദ്ധിച്ചവർക്ക് ലഭിക്കുന്ന സ്വർഗം ഇതര വിശ്വാസികൾക്കുള്ളതിനേക്കാൾ ഏറെ മഹനീയവും അത്യുന്നതവുമായിരിക്കും. അവർക്കേത് സ്വർഗത്തിലും എപ്പോഴും കടന്നു ചെല്ലാനുള്ള അനുവാദവുമുണ്ടായിരിക്കും.

**شَجَرَةُ، شَجَرَتَ/امْرَأَةٌ، امْرَأَتُ**

നരകത്തിൽ പാപികൾക്ക് ഭക്ഷണമായി നൽകുന്ന സഖ്ഖൂം വൃക്ഷത്തെ മൂന്നിടങ്ങളിലാണ് വിശുദ്ധ ഖുർആൻ പരാമർശിക്കു

ന്നത്. *അൽ വാഖിഅ*: 52, *അസ്സ്വാഫ്ഫാത്ത്:* 62, *അദ്ദുഖാൻ*: 43. ഇതിൽ *അൽ വാഖിഅയിൽ* ബഹുവചനമായി مِن شَجَرٍ مِّن الزقوم എന്നാണ് പറഞ്ഞത്. *അസ്സ്വാഫാത്തിൽ* أَذَٰلِكَ خَيْرٌ نُّزُلًا أَمْ *شَجَرَةُ* الزَّقُّوم എന്നും, *അദ്ദുഖാനിൽ*: إِنَّ *شَجَرَتَ* الزَّقُّوم എന്നുമാണുള്ളത്. ഇവിടെ ആദ്യം شَجَرَةُ എന്നും രണ്ടാമത്തേതിൽ شَجَرَتَ എന്നുമാണ്. ഈ മാറ്റത്തിന്റെ കാരണമായി ഇപ്രകാരം ചൂണ്ടിക്കാണിക്കപ്പെടുന്നു: അധ്യായം *അസ്സ്വാഫ്ഫാത്തിൽ* ഈ മരത്തെ പരിചയപ്പെടുത്തുന്നത് ഭൂമിയിലുള്ളവരോടാണ്. അവർക്ക് ഈ മരത്തെക്കുറിച്ച് യാതൊന്നും അറിയില്ല. എന്നാൽ അധ്യായം *അദ്ദുഖാനി*ലാവട്ടെ ഈ മരത്തെക്കുറിച്ച് വിശദീകരിക്കുന്നത് നരകവാസികളോടാണ്. അവർ അതിനെ കാണുകയും അതിന്റെ സ്വഭാവം മനസ്സിലാക്കുകയും ചെയ്തവരാണ്. ചുരുക്കത്തിൽ, അപരിചിതവും അജ്ഞാതവുമായ അവസ്ഥയിൽ شَجَرَةُ എന്നും പരിചിതവും അറിയപ്പെട്ടതുമായപ്പോൾ شَجَرَتَ എന്നും പ്രയോഗിച്ചു. ഇതുപോലെ അറിയപ്പെട്ട(معرفة)തായ امْرَأَةٌ-നെ മാത്രമാണ് امْرَأَتُ എന്നെഴുതിയിട്ടുള്ളത്:

امْرَأَتُ عِمْرَانَ , امْرَأَتُ العزبز, امْرَأَتُ فرعونَ, امْرَأَتُ نوح, امْرَأَتُ لوط

ഇവയല്ലാത്തിടത്തെല്ലാം ٱمْرَأَةً ആണ്.

إِنِّي وَجَدتُّ ٱمْرَأَةً تَمْلِكُهُمْ وَأُوتِيَتْ مِن كُلِّ شَيْءٍ وَلَهَا عَرْشٌ عَظِيمٌ

## إِمَّا نُرِيَنَّكَ/إِن مَّا نُرِيَنَّكَ

'നാം അവരെ താക്കീതു ചെയ്തുകൊണ്ടിരിക്കുന്ന ദുരന്തങ്ങളിൽ ചിലത് നിന്റെ ജീവിതത്തിൽതന്നെ കാണിച്ചുതന്നേക്കാം. അല്ലെങ്കിൽ നിന്നെ അതിനുമുമ്പായി ഉയർത്തിയെന്നും വന്നേക്കാം...'

ഈ ആശയത്തിലുള്ള മൂന്ന് വാക്യങ്ങൾ ചെറിയ മാറ്റങ്ങളോടെ വിശുദ്ധ ഖുർആനിൽ കാണാം:

وَإِمَّا نُرِيَنَّكَ بَعْضَ الَّذِي نَعِدُهُمْ أَوْ نَتَوَفَّيَنَّكَ فَإِلَيْنَا مَرْجِعُهُمْ ثُمَّ اللَّهُ شَهِيدٌ عَلَىٰ مَا يَفْعَلُونَ (يونس 46

فَإِمَّا نُرِيَنَّكَ بَعْضَ الَّذِي نَعِدُهُمْ أَوْ نَتَوَفَّيَنَّكَ فَإِلَيْنَا يُرْجَعُونَ (غافر 77

وَإِن مَّا نُرِيَنَّكَ بَعْضَ الَّذِي نَعِدُهُمْ أَوْ نَتَوَفَّيَنَّكَ فَإِنَّمَا عَلَيْكَ الْبَلَاغُ وَعَلَيْنَا الْحِسَابُ (الرّعد 40

ഇതിൽ 'താങ്കൾക്ക് നാം കാണിച്ചുതരികയാണെങ്കിൽ' എന്നതിന് ആദ്യത്തെ രണ്ട് വാക്യത്തിലും نُرِيَنَّكَ إِمَّا എന്നും മൂന്നാമത്തേതിൽ إِن مَّا نُرِيَنَّكَ എന്നുമാണുള്ളത്. ആദ്യ രണ്ടിലും 'നൂനി'നെ മറച്ചിരിക്കുന്നു. മൂന്നാമത്തേതിൽ 'നൂനി'നെ കാണിച്ചിരിക്കുന്നു. ഇതിന്റെ കാരണമായി ഇപ്രകാരം ചൂണ്ടിക്കാണിക്കപ്പെടുന്നു: ആദ്യ രണ്ടിലും പിന്നീട് പറയുന്നത് അല്ലാഹുവിലേക്കുള്ള മടക്കത്തെക്കുറിച്ചാണ്.

(فَإِلَيْنَا مَرْجِعُهُم / فَإِلَيْنَا يُرْجَعُونَ)

അദൃശ്യ ലോകത്തിലേക്കാണല്ലോ ഇതിന്റെ സൂചന. അതിനാൽ 'നൂനി'നെയും അദൃശ്യമാക്കി. മൂന്നാമത്തേതിൽ പ്രബോധനവും വിചാരണയുമാണ്. (فَإِنَّمَا عَلَيْكَ الْبَلَاغُ وَعَلَيْنَا الْحِسَابُ.) ഇവ ദൃശ്യ-അദൃശ്യ ലോകങ്ങളിലാണല്ലോ നടക്കുക. അതിനാൽ 'നൂനി'നെ ദൃശ്യമാക്കി.

## صحب – صاحب

മുസ്ഹഫിൽ സ്വാഹിബ് -صاحب (കൂട്ടുകാരൻ) എന്ന നാമം സ്വാദിന് ശേഷം അലിഫുള്ളതും ഇല്ലാത്തതുമുണ്ട്. അവയുടെ പ്രയോഗങ്ങളിലും അത്യധികം കൗതുകം ദർശിക്കാം. അധ്യായം *അൽ കഹ്ഫ്* 34 -ൽ തോട്ടക്കാരന്റെ കഥ വിവരിക്കുന്നതിനിടെ പറഞ്ഞു:

وَكَانَ لَهُ ثَمَرٌ فَقَالَ لِصَحِبِهِ وَهُوَ يُحَاوِرُهُ أَنَا أَكْثَرُ مِنكَ مَالًا وَأَعَزُّ نَفَرًا

എന്നാൽ 37-ാം വാക്യത്തിൽ പറഞ്ഞതിപ്രകാരമാണ്:

قَالَ لَهُ صَاحِبُهُ وَهُوَ يُحَاوِرُهُ أَكَفَرْتَ بِالَّذِي خَلَقَكَ مِن تُرَابٍ ثُمَّ مِن نُّطْفَةٍ ثُمَّ سَوَّاكَ رَجُلًا

തന്റെ ഉറ്റമിത്രമാണെന്ന വിചാരത്തോടെയാണ് ആദ്യവാക്യത്തിൽ സുഹൃത്തിനോട് തോട്ടക്കാരൻ സംസാരിക്കുന്നത്. അപ്പോൾ لِصَحِبِهِ എന്നും, എന്നാൽ അടുത്ത വാക്യത്തിൽ ആദർശവിരുദ്ധനായ സുഹൃത്തിനെ صَاحِبُهُ എന്നാണ് വിശ്വാസി പറയുന്നത്. അതായത് ഉറ്റമിത്രത്തെ صَحِب എന്നും

അല്ലാത്തവനെ صَاحِب എന്നുമാണ് വിളിച്ചത്.

മുഹമ്മദ് നബി(സ)യുടെ കാര്യത്തിലും ഇപ്രകാരം കാണാം. തിരുമേനി(സ)യുടെ ഖൗമിലേക്ക് ചേർത്ത് പറഞ്ഞപ്പോൾ صاحب (സ്വാദിന് ശേഷം അലിഫ് ചേർത്ത്) എന്നാണ് എഴുതിയത്:

[مَا بِصَاحِبِكُمْ مِنْ جِنَّةٍ ] [سبأ: 46].

[مَا ضَلَّ صَاحِبُكُمْ وَمَا غَوَى ] [النجم: 2].

[وَمَا صَاحِبُكُمْ بِمَجْنُونٍ ] [التكوير: 22].

[مَا بِصَاحِبِهِمْ مِنْ جِنَّةٍ ] [الأعراف: 184].

എന്നാൽ സൗർ ഗുഹയിലെ സംഭവം വിവരിക്കുന്നതിനിടെ, സാഹോദര്യത്തിലും ആദർശത്തിലും ഉറ്റമിത്രമായ അബൂബക്ർ സ്വിദ്ദീഖി(റ)നെ കുറിച്ച് പറയുന്നതിപ്രകാരമാണ്:

إِذْ يَقُولُ لِصَـٰحِبِهِۦ لَا تَحْزَنْ إِنَّ اللَّهَ مَعَنَا } [التوبة: 40 }

സ്വാദിന് ശേഷം അലിഫില്ലാതെ!

യൂസുഫ് നബി (അ) തന്റെ ജയിൽ സുഹൃത്തുക്കളെ പ്രബോധനം ചെയ്തപ്പോൾ 'എന്റെ പൊന്നു സുഹൃത്തുക്കളേ' എന്ന അർഥത്തിൽ يَا صَـٰحِبَيِ എന്നാണ് വിളിച്ചത്:

يَا صَـٰحِبَيِ السِّجْنِ أَأَرْبَابٌ مُّتَفَرِّقُونَ خَيْرٌ أَمِ اللَّهُ الْوَاحِدُ الْقَهَّارُ) (يوسف:39

يَا صَـٰحِبَيِ السِّجْنِ أَمَّا أَحَدُكُمَا فَيَسْقِي رَبَّهُ خَمْرًا(يوسف:41)

## الميعاد / الميعد

വിശുദ്ധ ഖുർആനിൽ الميعاد (വാഗ്ദത്തം) എന്ന പദം ആറ് തവണയാണുള്ളത്. ഇതിൽ അഞ്ചിടത്തും നടുവിൽ അലിഫുള്ളതാണ്:

إِنَّ اللَّهَ لَا يُخْلِفُ الْمِيعَادَ [آل عمران: 9}

إِنَّكَ لَا تُخْلِفُ الْمِيعَادَ [آل عمران: 194}

إِنَّ اللَّهَ لَا يُخْلِفُ الْمِيعَادَ [الرعد: 31}

قُلْ لَكُمْ مِيعَادُ [سبأ: 30}

لَا يُخْلِفُ اللَّهُ الْمِيعَادَ [الزمر: 20}

ഒരിടത്ത് മാത്രം മധ്യത്തിൽ അലിഫില്ലാതെ വന്നിട്ടുണ്ട്:

وَلَوْ تَوَاعَدتُّمْ لَاخْتَلَفْتُمْ فِي الْمِيعَـٰدِ [الأنفال: 42

പ്രസ്തുത വാക്യങ്ങൾ ശ്രദ്ധിച്ചാൽ ഈ വ്യത്യാസത്തിന്റെ കാരണം വ്യക്തമാവും. ആദ്യ അഞ്ചെണ്ണവും മനുഷ്യരോട് അല്ലാഹു നടത്തിയ കരാറുകളാണ്. അവസാനത്തേതാവട്ടെ മനുഷ്യർ നടത്തിയ പ്രതിജ്ഞയും തീരുമാനവുമായിരുന്നു. അത് ലംഘിക്കാനിടയുള്ളതാണെന്ന് ഖുർആൻ തന്നെ സൂചിപ്പിക്കുന്നുമുണ്ട്.

## كُلَّمَا/كُلَّ مَا

വിശുദ്ധ ഖുർആനിൽ '...അപ്പോഴെല്ലാം' എന്ന അർഥത്തിൽ 'കുല്ലമാ' എന്ന പദം പത്തിലധികം തവണ പ്രയോഗിച്ചതായി കാണാം. ഇത് كُلَّمَا , كُلَّ مَا എന്നീ രണ്ട് രീതിയിലാണ് മുസ്ഹഫിൽ എഴുതിയിട്ടുള്ളത്.

മൂന്നിടങ്ങളിലൊഴികെ كلما ആണുള്ള



ത്. ഉദാഹരണം:

كُلَّمَا أَضَاءَ لَهُم مَّشَوْا فِيهِ

أَوَكُلَّمَا عَاهَدُوا عَهْدًا نَّبَذَهُ فَرِيقٌ مِّنْهُمْ

كُلَّمَا أُلْقِيَ فِيهَا فَوْجٌ سَأَلَهُمْ خَزَنَتُهَا أَلَمْ يَأْتِكُمْ نَذِيرٌ

മൂന്നിടത്ത് كل ما എന്ന് كل-നെയും ما-യെയും വേർപിരിച്ചാണ് എഴുതിയിട്ടുള്ളത്. അവ ഇവയാണ്:

كُلَّ مَا رُدُّوا إِلَى الْفِتْنَةِ أُرْكِسُوا فِيهَا (النساء : 91)

وَآتَاكُم مِّن كُلِّ مَا سَأَلْتُمُوهُ ۚ وَإِن تَعُدُّوا نِعْمَتَ اللَّهِ لَا تُحْصُوهَا (إبراهيم :34)

ثُمَّ أَرْسَلْنَا رُسُلَنَا تَتْرَىٰ ۖ كُلَّ مَا جَاءَ أُمَّةً رَّسُولُهَا كَذَّبُوهُ (المؤمنون :44)

ഒന്നാമത്തേതിൽ 'കുഴപ്പത്തിനവസരം ലഭിക്കുമ്പോഴെല്ലാം അവരതിൽ ചാടിവീഴുന്നു' എന്നിടത്ത് كُلَّ مَا എന്നെഴുതാൻ കാരണം




ഫിത്നകൾക്ക് കുഫ്ർ, നിഫാഖ് തുടങ്ങിയ വിവിധ രൂപങ്ങളുള്ളതുകൊണ്ടാണ്.

രണ്ടാമത്തേതിൽ സമ്പത്ത്, സന്താനം, ആരോഗ്യം തുടങ്ങി ധാരാളം വിഭിന്നമായ അനുഗ്രഹങ്ങൾ ഉള്ളതുകൊണ്ടാണ് كُلِّ مَا എന്ന് വേർപിരിച്ചെഴുതിയത്. മൂന്നാമത്തേതിൽ 'പിന്നെ നാം തുടർച്ചയായി നമ്മുടെ ദൂതന്മാരെ നിയോഗിച്ചുകൊണ്ടിരുന്നു. ഏതു സമൂഹവും പ്രവാചകന്മാർ അവരിലേക്ക് ചെന്നപ്പോഴെല്ലാം അവർ തള്ളിപ്പറയുകയായിരുന്നു' എന്നിടത്ത് كُلَّ مَا എന്ന് എഴുതാൻ കാരണം ഓരോ പ്രവാചകന്മാരുടെയും ഉമ്മത്ത് വേറെ വേറെ ആയതിനാലാണ്.

كُلَّمَا رُزِقُوا مِنْهَا مِن ثَمَرَةٍ رِّزْقًا (البقرة: 25)

ഈ വാക്യത്തിൽ സ്വർഗീയ ഫലങ്ങൾ വിഭിന്നമാണെങ്കിലും كلما എന്ന് വേർപിരിയാതെ എഴുതാൻ കാരണം അവ ഒരു വിടവുമില്ലാതെ നിരന്തരം (أكلها دائم) നൽകപ്പെടുന്നതുകൊണ്ടാണ്.[8] لطائف وأسرار)

خصوصيات الرسم العثماني

للمصحف الشريف،الدكتور/ عبد العظيم المطعني، صفحة: 56)

## أَيْدِ/أَيْيدِ

എന്നതിന്റെ ബഹുവചനമായ أيد എന്നത് വിശുദ്ധ ഖുർആനിൽ എഴുപതിൽ പരം സ്ഥലങ്ങളിൽ വന്നിട്ടുണ്ട്.

أَلَهُمْ أَرْجُلٌ يَمْشُونَ بِهَآ أَمْ لَهُمْ أَيْدٍ يَبْطِشُونَ بِهَآ
وَلَن يَتَمَنَّوْهُ أَبَدًا بِمَا قَدَّمَتْ أَيْدِيهِم
وَلَا تُلْقُوا بِأَيْدِيكُمْ إِلَى التَّهْلُكَةِ
أَلَمْ تَرَ إِلَى الَّذِينَ قِيلَ لَهُمْ كُفُّوا أَيْدِيَكُمْ

തുടങ്ങിയവ ഉദാഹരണം. എന്നാൽ ഒരിടത്ത് മാത്രമേ 'യാഇ'ന്ന് ശേഷം മറ്റൊരു ഉച്ചാരണമില്ലാത്ത ي കൂടി ചേർത്തു കാണാനാവൂ... അധ്യായം *അദ്ദാരിയാത്ത്* നാൽപ്പത്തിയേഴാം സൂക്തത്തിലാണത്:

وَالسَّمَاءَ بَنَيْنَاهَا بِأَيْيدٍ وَإِنَّا لَمُوسِعُونَ [الذاريات: 47 ]

വാനലോക പ്രപഞ്ചത്തെ സൃഷ്ടിക്കുകയും വികസിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന അല്ലാഹുവിന്റെ കൈകൾക്കുള്ള ശക്തി അദ്വിതീയമാണ് എന്ന് സൂചിപ്പിക്കാനാണ് ഇവിടെ മാത്രം ഒരു 'യാഇ'നെ വർധിപ്പിച്ചത്.

അതുപോലെ ആകാശങ്ങൾ എന്ന് 188 തവണ വിശുദ്ധ ഖുർആൻ പരാമർശിക്കുന്നു. 'അസ്സമാവാത്' എന്നാണ് ഉച്ചാരണമെങ്കിലും ഒരിടത്തൊഴികെ എല്ലായിടത്തും മുസ്ഹഫിൽ, 'മീമി'നും 'വാവി'നും ശേഷം അലിഫില്ലാതെ, السَّمَٰوَٰت എന്നാണ് കാണാനാവുക. അധ്യായം *ഫുസ്സിലത്* പന്ത്രണ്ടാം വാക്യത്തിലാണ് 'വാവി'ന് ശേഷം അലിഫ് ചേർത്ത് سَمَوَاتٍ എന്നെഴുതിയിട്ടുള്ളത്.

فَقَضَاهُنَّ سَبْعَ سَمَوَاتٍ فِي يَوْمَيْنِ وَأَوْحَىٰ فِي كُلِّ سَمَاءٍ أَمْرَهَا

(അങ്ങനെയവൻ രണ്ടു നാളുകളിലായി ഏഴാകാശങ്ങളുണ്ടാക്കുകയും ഓരോ ആകാശത്തെയും അതിന്റെ നിയമങ്ങൾ ബോധിപ്പിക്കുകയും ചെയ്തു).

വാനലോകങ്ങളുടെ സൃഷ്ടിപ്പും അതിന്റെ ക്രമവും കാലവും ഭൂവിഭവങ്ങളുടെ സജ്ജീകരണവും പ്രത്യേകം എടുത്തു പറഞ്ഞ വാക്യമായതിനാലാണ് ഇവിടെ മാത്രം 'അലിഫി'നെ എടുത്തു കാണിച്ചതെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു.

## إِنَّمَا/إِنَّ مَا .أَنَّمَا/أَنَّ مَا

വിശുദ്ധ ഖുർആനിൽ 'ഇന്നമാ' എന്ന പദം 140-ൽ കൂടുതൽ തവണ വന്നിട്ടുണ്ട്. ഒരിടത്തൊഴികെ എല്ലായിടത്തും 'ഇന്ന' യെയും

'മാ' യെയും കൂട്ടിച്ചേർത്ത് إِنَّمَا എന്നാണ് മുസ്ഹഫിൽ എഴുതിയിട്ടുള്ളത്:

قَالُوا إِنَّمَا نَحْنُ مُصْلِحُونَ (البقرة :11)

فَإِنَّمَا عَلَيْكَ الْبَلَاغُ (آل عمران :20)

إِنَّمَا وَلِيُّكُمُ اللَّهُ وَرَسُولُهُ (المائدة :55)

ഒരു വാക്യം ഇതിന് അപവാദമാണ്:

إِنَّ مَا تُوعَدُونَ لَآتٍ ۖ وَمَا أَنتُم بِمُعْجِزِينَ (الأنعام : ١٣٤)

(നിങ്ങളോട് വാഗ്ദത്തം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന സംഗതി തീർച്ചയായും വരുകതന്നെ ചെയ്യും. നിങ്ങൾ അല്ലാഹുവിനെ തോൽപിക്കാൻ കഴിവുള്ളവരല്ലതന്നെ).

ഇവിടെ മാത്രം إِنَّ مَا എന്ന് വേർപിരിച്ചെഴുതാൻ കാരണമായി പറയുന്നതിതാണ്: വാഗ്ദത്തം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന സംഗതിയെ സൂചിപ്പിക്കുന്ന مَا കൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് നന്മ ചെയ്യുന്നവർക്ക് സ്വർഗവും തിന്മചെയ്യുന്നവർക്ക് നരകവുമാണ്. ഇവ വേറിട്ടതും വൈപരീത്യവുമായ രണ്ട് യാഥാർഥ്യങ്ങളാണല്ലോ.

ഇപ്രകാരം 'അന്നമാ' أَنَّمَا എന്ന് വിശുദ്ധ ഖുർആനിൽ 25 തവണ ആവർത്തിച്ചിട്ടുണ്ട്. ഇവയിൽ രണ്ട് വാക്യങ്ങളിലൊഴികെ എല്ലായിടത്തും أَنَّمَا എന്നാണ് മുസ്ഹഫിലുള്ളത്:

وَلَا يَحْسَبَنَّ الَّذِينَ كَفَرُوا أَنَّمَا نُمْلِي لَهُمْ خَيْرٌ لِّأَنفُسِهِمْ (آل عمران :178)

وَاعْلَمُوا أَنَّمَا أَمْوَالُكُمْ وَأَوْلَادُكُمْ فِتْنَةٌ (الأنفال :28)

هَٰذَا بَلَاغٌ لِّلنَّاسِ وَلِيُنذَرُوا بِهِ وَلِيَعْلَمُوا أَنَّمَا هُوَ إِلَٰهٌ وَاحِدٌ (إبراهيم :52)

എന്നാൽ രണ്ട് വാക്യങ്ങളിൽ മാത്രം أَنَّ مَا -യെയും مَا -യെയും വേർതിരിച്ച് أَنَّ- എന്നെഴുതിയതായി കാണാം:

ذَٰلِكَ بِأَنَّ اللَّهَ هُوَ الْحَقُّ وَأَنَّ مَا يَدْعُونَ مِن دُونِهِ هُوَ الْبَاطِلُ وَأَنَّ اللَّهَ هُوَ الْعَلِيُّ الْكَبِيرُ (الحج :62)

ذَٰلِكَ بِأَنَّ اللَّهَ هُوَ الْحَقُّ وَأَنَّ مَا يَدْعُونَ مِن دُونِهِ الْبَاطِلُ وَأَنَّ اللَّهَ هُوَ الْعَلِيُّ الْكَبِيرُ (لقمان: 30)

ഇപ്രകാരം എഴുതിയതിന്റെ പൊരുളിതാണ്: അല്ലാഹുവിന് പുറമെ ആളുകൾ പലതിനെയും പലരെയും വിളിച്ച് പ്രാർഥിക്കാറുണ്ട്. ഈ വൈവിധ്യങ്ങളെ സൂചിപ്പിക്കാനാണ് أَنَّ-യെയും مَا-യെയും വേർപ്പെടുത്തിയത്.

എന്നാൽ,

لَا جَرَمَ أَنَّمَا تَدْعُونَنِي إِلَيْهِ لَيْسَ لَهُ دَعْوَةٌ فِي الدُّنْيَا وَلَا فِي الْآخِرَةِ (غافر: 43

എന്ന വാക്യത്തിൽ എന്തുകൊണ്ട് أَنَّ -യെയും مَا-യെയും ചേർത്തുപറഞ്ഞു എന്ന് സംശയിക്കാം.

ഉത്തരമിതാണ്: അല്ലാഹുവിന് പുറമെ വിളിച്ചു പ്രാർഥിക്കപ്പെടുന്നവർ ഇഹത്തിലോ പരത്തിലോ യാതൊരു അധികാരശക്തിയും ഇല്ലാത്തവരാണ് എന്ന യാഥാർഥ്യം എടുത്തു കാണിക്കുന്നതിലാണ് ഈ വാക്യം പ്രത്യേകം ഊന്നൽ നൽകുന്നത്.[8]

لطائف وأسرار خصوصيات الرسم العثماني

للمصحف الشريف، عبد العظيم المطعني

## طَائِف/طَئِف

വിശുദ്ധ ഖുർആനിൽ 'ത്വാഇഫ്' എന്ന പദം ആകെ രണ്ടു തവണയാണ് വന്നിട്ടുള്ളത്:

فَطَافَ عَلَيْهَا طَائِفٌ مِّن رَّبِّكَ وَهُمْ نَائِمُونَ (القلم : 19

(അവർ ഉറങ്ങിക്കിടക്കുമ്പോൾ നിന്റെ റബ്ബിങ്കൽ നിന്നുള്ള ഒരു വിപത്ത് ആ തോട്ടത്തെ ബാധിച്ചു).

إِنَّ الَّذِينَ اتَّقَوْا إِذَا مَسَّهُمْ طَائِفٌ مِّنَ الشَّيْطَانِ تَذَكَّرُوا فَإِذَا هُم مُّبْصِرُونَ (الأعراف:201)

(ദൈവഭക്തർ എപ്പോഴെങ്കിലും ചെകുത്താന്റെ സ്വാധീനത്താൽ ദുർവിചാരമുണ്ടായാൽ ഉടനെ അവർ ബോധവാന്മാരായിത്തീരുന്നു. തങ്ങൾ സ്വീകരിക്കേണ്ട ശരിയായ നിലപാടെന്തെന്ന് വ്യക്തമായി കാണുകയും ചെയ്യുന്നു).

ഇവിടെ രണ്ടിടത്തും 'ത്വാഇഫ്' എന്നാണ് ഉച്ചാരണമെങ്കിലും, ആദ്യ വാക്യത്തിൽ 'ത്വാഇ'ന് ശേഷം അലിഫ് ചേർത്ത് طائف എന്നും, രണ്ടാം വാക്യത്തിൽ അലിഫ് ചേർക്കാതെ طَئِفٌ എന്നുമാണ് മുസ്ഹഫിൽ എഴുതിയിരിക്കുന്നത്. ഇതിന്റെ കാരണം ഇപ്രകാരം വിശദീകരിക്കപ്പെടുന്നു: ആദ്യ വാക്യത്തിൽ طائف-നെ അല്ലാഹുവിലേക്കാണ് ചേർത്തിരിക്കുന്നത്. സകാത്ത്നിഷേധികളെ ഒരു കുറവും വരുത്താതെ കഠിനമായി ശിക്ഷിക്കുമെന്ന് സൂചിപ്പിക്കാനാണ് ഇവിടെ അലിഫിനെ എഴുതിയത്.

രണ്ടാം വാക്യത്തിൽ طئف-നെ പിശാചിലേക്കാണ് ചേർത്തിരിക്കുന്നത്. അവന്റെ

തന്ത്രങ്ങൾ ദുർബലമാണെന്നും ദുർബോധനം വേഗതയേറിയതാണെന്നും സൂചിപ്പിക്കാനാണ് ഇവിടെ അലിഫിനെ കളഞ്ഞത്.

### لَأَاْذْبَحَنَّهُ

മുസ്ഹഫിൽ ചിലയിടങ്ങളിൽ അലിഫിനെ ഒഴിവാക്കിയതു പോലെത്തന്നെ ചിലയിടങ്ങളിൽ അധികരിപ്പിച്ചിട്ടുമുണ്ട്. ഉ




ദാഹരണം:

لَأُعَذِّبَنَّهُ عَذَابًا شَدِيدًا أَوْ لَأَاْذْبَحَنَّهُ أَوْ لَيَأْتِيَنِّي بِسُلْطَٰنٍ مُّبِينٍ

'ഞാനതിനെ കഠിനമായി ശിക്ഷിക്കും. അല്ലെങ്കിൽ അറുത്തുകളയും. അല്ലെങ്കിൽ അത് എന്റെ മുമ്പിൽ വ്യക്തമായ കാരണം ബോധിപ്പിക്കണം' (*അന്നംല്:* 21).

ഇവിടെ لَأَاْذْبَحَنَّهُ എന്നതിൽ لأ എന്നതിനു ശേഷം ഒരു അലിഫിനെ വർധിപ്പിക്കാനുള്ള കാരണം, ആദ്യം പറഞ്ഞ 'കഠിനമായി ശിക്ഷിക്കും' എന്നതിനേക്കാൾ കഠിനമായതാണ് അറുത്തുകളയൽ എന്നതാണ്.

### شَىْءٍ/شَاْىْءٍ

*അൽകഹ്ഫി*ലെ ഈ വാക്യങ്ങളിലെ شَيْ എന്ന പദം ശ്രദ്ധിക്കുക:

إِنَّمَا قَوْلُنَا لِشَيْءٍ إِذَا أَرَدْنَهُ أَن نَّقُولَ لَهُ كُن فَيَكُونُ

(നാം, ഉണ്ടാകണമെന്നാഗ്രഹിക്കുന്ന കാര്യം 'ഉണ്ടാവുക' എന്ന് കൽപിക്കുകയേ വേണ്ടൂ, ഉടനെ അതുണ്ടാവുന്നു -*അൽ കഹ്ഫ്*: 40).

وَلَا تَقُولَنَّ لِشَاْيْءٍ إِنِّي فَاعِلٌ ذَٰلِكَ غَدًا

(ഒരു കാര്യത്തെക്കുറിച്ചും, 'ഞാൻ നാളെ അതു തീർച്ചയായും ചെയ്യും' എന്ന് ഒരിക്കലും നീ പറയരുത് -*അൽ കഹ്ഫ്:* 23).

അല്ലാഹുവിലേക്ക് ചേർത്തു പറഞ്ഞപ്പോൾ സാധാരണ രീതിയിലും മനുഷ്യനിലേക്ക് ചേർത്തപ്പോൾ അലിഫ് ചേർത്ത് അസാധാരണ രീതിയിലുമാണ് എഴുതിയത്. അല്ലാഹുവിനെ സംബന്ധിച്ചേടത്തോളം എല്ലാ കാര്യങ്ങളും വളരെ സരളവും ലളിതവുമാണെന്ന് സാരം.

### /سَأُوْرِيكُمْ

ഇമാം സർകശി പറയുന്നു: മുസ്ഹഫിൽ ഉച്ചരിക്കപ്പെടാത്ത ചില അക്ഷരങ്ങളെ അധികരിപ്പിക്കുന്നത് ആ ക്രിയയുടെ അർഥത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനാണ്:

خُلِقَ الْإِنسَانُ مِنْ عَجَلٍ سَأُرِيكُمْ آيَاتِي فَلَا تَسْتَعْجِلُونِ

'മനുഷ്യൻ ധൃതിപ്പെടുന്ന പ്രകൃതത്തോടെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ഇതാ ഞാൻ നിങ്ങൾക്ക് എന്റെ ദൃഷ്ടാന്തങ്ങൾ കാട്ടിത്തരാൻ പോകുന്നു' (*അമ്പിയാഅ്*: 37).

سَأُوْرِيكُمْ دَارَ ٱلْفَٰسِقِينَ

'അനതിവിദൂരഭാവിയിൽ ഞാൻ നിങ്ങൾക്ക് ധിക്കാരികളുടെ വീട് കാട്ടിത്തരുന്നതാകുന്നു' (*അഅ്റാഫ്*: 145).

ഇവിടെ ശക്തമായ താക്കീതും മുന്നറിയിപ്പുമായതിനാലാണ് سَأُوْرِيكُمْ എന്നതിൽ 'ഹംസ'ക്കു ശേഷം ഉച്ചരിക്കാത്ത 'വാവി'നെ എഴുതിയത്.

### تَسْـَٔلْنِ /تَسْـَٔلْنِى ، أَخَّرْتَنِ/أَخَّرْتَنِى

താഴെ കൊടുത്ത വാക്യങ്ങളിൽ تَسْـَٔلْنِ/ تَسْـَٔلْنِى എന്ന ക്രിയ ശ്രദ്ധിക്കുക:

قَالَ يَا نُوحُ إِنَّهُ لَيْسَ مِنْ أَهْلِكَ ۖ إِنَّهُ عَمَلٌ غَيْرُ صَالِحٍ ۖ فَلَا تَسْأَلْنِ مَا لَيْسَ لَكَ بِهِ عِلْمٌ ۖ إِنِّي أَعِظُكَ أَن تَكُونَ مِنَ الْجَاهِلِينَ

(മറുപടിയായി അരുൾചെയ്തു: 'അല്ലയോ നൂഹേ, അവൻ നിന്റെ കുടുംബത്തിൽപെട്ടവനല്ല. നിശ്ചയം, അവൻ ഒരു ദുഷ്കർമമാകുന്നു. യാഥാർഥ്യം എന്തെന്നറിഞ്ഞുകൂടാത്ത കാര്യങ്ങൾ നീ എന്നോട് അപേക്ഷിക്കരുത്. അവിവേകികളെപ്പോലെ ആയിപ്പോകരുതെന്ന് ഞാൻ നിന്നെ ഉപദേശിക്കുന്നു - *ഹൂദ്:* 46).

قَالَ فَإِنِ اتَّبَعْتَنِي فَلَا تَسْأَلْنِي عَن شَيْءٍ حَتَّىٰ أُحْدِثَ لَكَ مِنْهُ ذِكْرًا

(അദ്ദേഹം പറഞ്ഞു: 'ശരി, നിങ്ങൾ എന്റെ കൂടെ സഞ്ചരിക്കുകയാണെങ്കിൽ, ഒരു സംഗതിയും ഞാൻ വിവരിച്ചുതരുന്നതിനുമുമ്പ് എന്നോട് ഇങ്ങോട്ടു ചോദിക്കാൻ പാടില്ല' - *കഹ്ഫ്:* 70).

ആദ്യത്തേത് അല്ലാഹുവിന്റെ വാക്കാണ് فَلَا تَسْأَلْنِ (നീ എന്നോട് ചോദിക്കരുത്) എന്നത്. അദൃശ്യനായ അല്ലാഹുവിന്റെ അജ്ഞാതമായ കാര്യങ്ങളെക്കുറിച്ചായതിനാൽ അവസാനത്തെ 'യാഇ'നെ കളഞ്ഞ് അസാധാരണ രീതിയിൽ എഴുതി.

രണ്ടാമത്തേത് മനുഷ്യനാണെങ്കിലും മലക്കാണെങ്കിലും ഒരു സൃഷ്ടിയുടെ വാക്കാണ്. അദ്ദേഹവും അദ്ദേഹത്തിന്റെ പ്രവൃത്തികളും ദൃശ്യമാണ്. അതിനാൽ യാഇനെയും ദൃശ്യമാക്കി.

അതുപോലെ താഴെയുള്ള വാക്യങ്ങളിലെ أَخَّرْتَنِ / أَخَّرْتَنِي ശ്രദ്ധിക്കുക.

قَالَ أَرَأَيْتَكَ هَٰذَا الَّذِي كَرَّمْتَ عَلَيَّ لَئِنْ أَخَّرْتَنِ إِلَىٰ يَوْمِ الْقِيَامَةِ لَأَحْتَنِكَنَّ ذُرِّيَّتَهُ إِلَّا قَلِيلًا

(പിന്നെ അവൻ പറഞ്ഞു: 'നീ എന്നേക്കാൾ ശ്രേഷ്ഠനാക്കിയ ഇവൻ അതിനർഹൻ തന്നെയാണോ? നീ എനിക്ക് പുനരുത്ഥാന നാൾ വരെ അവസരം തരുകയാണെങ്കിൽ, അവന്റെ വംശത്തെ മുഴുവൻ ആ പദവിയിൽ നിന്ന് ഞാൻ പിഴുതെറിയുകതന്നെ ചെയ്യും' - *ഇസ്റാഅ്:* 62).

وَأَنفِقُوا مِن مَّا رَزَقْنَاكُم مِّن قَبْلِ أَن يَأْتِيَ أَحَدَكُمُ الْمَوْتُ فَيَقُولَ رَبِّ لَوْلَا أَخَّرْتَنِي إِلَىٰ أَجَلٍ قَرِيبٍ فَأَصَّدَّقَ وَأَكُن مِّنَ الصَّالِحِينَ

**സ്വഹാബികളുടെ പ്രവർത്തങ്ങളിൽനിന്നും ഉസ്മാനിയ ലിപി നബി(സ)യിൽനിന്ന് തന്നെ ലഭ്യമായതാണെന്ന് തെളിയിക്കാനാവും. അബൂബക്ർ സ്വിദ്ദീഖ് (റ) ഖിലാഫത്തേറ്റെടുത്ത് ഖുർആൻ ക്രോഡീകരണത്തിനായി മുന്നിട്ടിറങ്ങിയപ്പോൾ, നബി(സ)യുടെ കാലത്തെ അതേ എഴുത്തിന്റെ രൂപത്തിൽ തന്നെയാണ് എഴുത്തുകാർ അദ്ദേഹത്തിന് എഴുതിക്കൊടുത്തത്. പിന്നെ ഉസ്മാന്റെ (റ) കാലത്ത് മുസ്വ്ഹഫുകളുടെ കോപ്പിയെടുത്തതും യാതൊരു മാറ്റവും വരുത്താതെയായിരുന്നു.**

(നാം നൽകിയ വിഭവങ്ങളിൽനിന്ന് ചെലവഴിക്കുവിൻ. നിങ്ങളിലൊരുവന് മരണം വന്നെത്തുകയും അവൻ, 'എന്റെ നാഥാ, എനിക്ക് ഒരൽപം അവധി തരാത്തതെന്ത്; ഞാൻ ദാനം ചെയ്യുകയും സച്ചരിതരിൽ പെട്ടവനാവുകയും ചെയ്യാൻ' എന്ന് വിലപിക്കുകയും ചെയ്യുന്നതിനു മുമ്പ് - *മുനാഫിഖൂൻ*: 10).

ഇവിടെ ആദ്യ ആയത്തിൽ أَخَّرْتَنِ എന്ന് അവസാനത്തിൽ യാ ഇല്ലാതെയും രണ്ടാമത്തേതിൽ യാ ചേർത്ത് أَخَّرْتَنِي എന്ന് സാധാരണ രീതിയിലുമാണ് എഴുതിയിരിക്കുന്നത്.

കാരണം: ഒന്നാമത്തെ സംസാരം നടത്തുന്നത് അദൃശ്യ ലോകത്തു വെച്ച് അദൃശ്യനായ പിശാചാണ്. അതിനാൽ അവസാനത്തിലെ 'യാഇ'നെയും അദൃശ്യമാക്കി. രണ്ടാമത്തേത് ഈ ലോകത്തു തന്നെയുള്ള മനുഷ്യൻ മരണസമയത്ത് നടത്തുന്ന സംസാരമാണ്. അത് പ്രകടമായതായതിനാൽ 'യാഇ'നെയും പ്രകടമാക്കി. ■

### കുറിപ്പുകൾ


1. الفردوس بمأثور الخطاب
أدب الإملاء والإستملاء
2. الإبريز ، عبد العزيز بن مسعود الدّباغ ص : 6
3. المقنع ص : 9
4. الإتقان ص: 1/146
5. الإتقان ص: 2/167
6. الشفاء ، قاضي عياض ص : 2/305
7. سمير الطّالبين ، الشيخ دبّاغ ص: 20